**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1145** **13/06/2013-ലെ മറുപടിക്ക്**

**ഭൂപരിഷ്കരണ നിയമ ഭേദഗതി**

**ചോദ്യം**
**ശ്രീ. സി. ദിവാകരൻ**

**മറുപടി**
**ശ്രീ.അടൂർപ്രകാശ്**
**(റവന്യൂവും കയറും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഭൂപരിഷ്കരണ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കേരള ഭൂപരിഷ്കരണ നിയമം 1963 നിലവിൽ വന്നതു മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയിൽ നിന്നും ആർജ്ജിച്ചതും 4 ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ളതും വിലകൊടുത്തു വാങ്ങിയതോ മറ്റുവിധത്തിലൂടെയോ കൈവശം വച്ചിരിക്കുന്നവരെ കുടിയാൻമാരായി കണക്കാക്കുന്നതാണ്. കേരളത്തിൽ ഭൂരഹിതർക്ക് പതിച്ചു നല്കാനുള്ള ഭൂമിയുടെ വിസ്തൃതി കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ 4 ഹെക്ടർ എന്നുള്ളത് 4 ഏക്കർ എന്നാക്കി ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കൂടാതെ തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്ക് സർക്കാർ പുറപ്പെടുവിക്കുന്ന നിയന്ത്രണങ്ങൾക്ക് വിധേയമായി ഉപയോഗിക്കുന്നതിന് ആക്ട് ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. |
| (ബി) | തോട്ടങ്ങൾ മറ്റാവശ്യങ്ങൾക്ക് അനുവദിക്കാൻ പ്രസ്തുത ഭേദഗതിയിൽ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. തോട്ടഭൂമിയുടെ 5% മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ വ്യവസ്ഥചെയ്യുന്ന ഭാഗത്ത് കൃഷിക്കു പുറമേ മൃഗസംരക്ഷണം, ഡെയറിഫാമുകളുടെ നടത്തിപ്പ് എന്നിവകൂടി ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ട്. |
| (സി) | തോട്ടങ്ങൾ എന്ത് ആവശ്യങ്ങൾക്ക് നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ? | (സി) | തോട്ടങ്ങളുടെ 5% സ്ഥലത്തിന്റെ 90%വും കൃഷിക്കും അനുബന്ധ സൗകര്യങ്ങൾക്കും ഉൾപ്പെടുത്തണം എന്നും ഈ സ്ഥലത്ത് സംയോജിതകൃഷി, ക്ഷീരോൽപ്പാദനം, പച്ചക്കറികൾ, ഫലങ്ങൾ, അലങ്കാരപുഷ്പങ്ങൾ, ഔഷധ കൃഷി, സുഗന്ധ സസ്യകൃഷി, കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പന്ന വൈവിധ്യവൽക്കരണം എന്നിവ നടപ്പാക്കണം എന്നും വ്യവസ്ഥ ചെയ്യുന്നു. കഴിവതും ജൈവകൃഷിമാത്രം നടപ്പാക്കുക കൂടാതെ 5%ത്തിന്റെ 10% 10 ഏക്കറിൽ പരിമിതപ്പെടുത്തി മാത്രമേ ഫാം ടൂറിസത്തിനുവേണ്ടി വിനിയോഗിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷിക്കു പുറമെ മൃഗസംരക്ഷണം, ഡയറി ഫാമുകളുടെ നടത്തിപ്പ് എന്നിവയും കൂടി ഉൾപ്പെടുത്താൻ ഉദ്ദേശമുണ്ട്. |

**സെക്ഷൻ ഓഫീസർ**